ഉത്തരം

(എ) ഒരു നിയോജക മണ്ഡലത്തിൽ ഒരു മാതൃകാ അങ്കണവാടി എന്ന പദ്ധതിയനുസരിച്ച് 10 സെന്റ് സ്ഥലം ലഭ്യമായതും ബന്ധപ്പെട്ട എം.എൽ.എ ശിപാർശ ചെയ്തതുമായ 100 അങ്കണവാടികൾക്ക് നാളിതുവരെയായി ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ മാതൃക അങ്കണവാടി നിർമ്മിക്കുന്നതിനായി ഭരണാനുമതി നൽകിയിട്ടുള്ള അങ്കണവാടികളുടെ നിർമ്മാണ പ്രവർത്തനം സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

ക്രമ നമ്പർ	നിയോജക മണ്ഡലം	നിർമ്മാണ പുരോഗതി
1	മഞ്ചേശ്വരം	രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.
2	ഉദുമ	രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.
3	കാഞ്ഞങ്ങാട്	ഒന്നാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.
4	തൃക്കരിപ്പൂർ	ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു.

ബാലവേല തടയാൻ നടപടികൾ

306 (3593) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) : താഴെകാണുന്ന ചോദ്യത്തിന് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കാസർഗോഡ് ജില്ലയിലെ സമ്പന്നരുടെ വീടുകളിൽ ബാലവേല ചെയ്യിപ്പിക്കുന്നതിനായി ജില്ലയിൽ നിന്നും അന്യ സംസ്ഥാനങ്ങളിൽ നിന്നും പാവപ്പെട്ട കുട്ടികളെ കൊണ്ടുവരുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; തീർത്തും സുരക്ഷിതമില്ലാത്ത രീതിയിൽ പെൺകുട്ടികളെ ഉൾപ്പെടെ ബാലവേലയ്ക്ക് കൊണ്ടുവരുന്ന അന്യ സംസ്ഥാന ഏജന്റുമാർക്കെതിരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടിട്ടുണ്ടോ ; വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാസർഗോഡ് ജില്ലയിൽ ബാലവേല കണ്ടെത്തുന്നതിന്റെ ഭാഗമായി നടത്തിയ സ്കാഡ് പരിശോധനയിൽ വിദ്യാനഗറിന് സമീപം ഒരു വീട്ടിൽ ജോലിയ്ക്ക് നിർത്തിയിരുന്ന തമിഴ്നാട്ടിൽ നിന്നുള്ള ഒരു കുട്ടിയെ 12-6-2014-ന് മോചിപ്പിച്ച് ചൈൽഡ് വെൽഫെയർ കമ്മിറ്റിയുടെ മുമ്പാകെ ഹാജരാക്കുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. വീട്ടുജോലിക്കായി പെൺകുട്ടികളെ ഉൾപ്പെടെ സുരക്ഷിതമല്ലാത്ത രീതിയിൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ട് വരുന്ന ഏജന്റുമാരെക്കുറിച്ചുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

സാമൂഹിക നീതി വകുപ്പ് ദിനാഘോഷം

307(3594) ശ്രീമതി കെ. എസ്. സലീഖ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാസർഗോഡ് മുനിസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23-ന് സമാപിച്ച സാമൂഹികനീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളിൽനിന്നും എത്ര രൂക വീതം സമാഹരിച്ചു ; ഏതൊക്കെ ഏജൻസികളിൽ നിന്നും എത്ര രൂക വീതം സമാഹരിച്ചു ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) കമാനങ്ങൾ ഉൾപ്പെടെയുള്ള ഏതൊക്കെ കാര്യങ്ങൾക്കായി വകുപ്പ് എത്ര രൂക ചെലവഴിച്ചു ; വ്യക്തമാക്കാമോ ;

(സി) വകുപ്പ് ഏതൊക്കെ ക്ഷേമ പെൻഷനുകളിൽ എത്ര മാസത്തെ കുടിശ്ശികയാണ് വരുത്തിയിട്ടുള്ളതെന്നും ഇത്തരത്തിലുള്ള ധൂർത്ത് ഒഴിവാക്കി കുടിശ്ശിക രൂക ഉടനടി നൽകാൻ ആവശ്യമായ എന്തു നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) കാസർഗോഡ് മുൻസിപ്പൽ സ്റ്റേഡിയത്തിൽ 2014 നവംബർ 23-ന് സമാപിച്ച സാമൂഹികനീതി വകുപ്പ് ദിനാഘോഷത്തിന് വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികളായ കേരള സാമൂഹ്യ സുരക്ഷാ മിഷൻ, കേരള സംസ്ഥാന വനിതാകമ്മീഷൻ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും 7 ലക്ഷം രൂപ വീതം 17-11-2014-ലെ സ.ഉ.(സാധാ) നമ്പർ 678/141/സാനീവ. നമ്പർ ഉത്തരവ് പ്രകാരം സമാഹരിക്കുകയുണ്ടായി.